LIBRARY ARCHIVES Kerala Legislative Assembly

നിയമ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

188 (3342) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലും മറ്റുമായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആളുകൾ എന്ന മുതലാണ് ജോലിയിൽ പ്രവേശിച്ചത്; ഇവരുടെ നിയമനത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ഈ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ;

(സി) സ്ഥിരപ്പെടുത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളവരുടെയും സ്ഥിരപ്പെടുത്തിയവരുടെയും പേരുവിവരവും ജാതിയും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിലുള്ള സ്ഥാപനമായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ഓഫീസിൽ 2005 ആഗസ്റ്റ് ഒന്നുമുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുവരുന്ന രണ്ട് ജീവനക്കാരെ പത്ത് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇവർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് ജോലി ചെയ്യുവരുന്നത്. പ്രസ്തുത തസ്തികകളിൽ ഓരോ തസ്തിക മാത്രമാണുള്ളത്. പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ട്.

(സി) നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളായ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഹിന്ദു നായർ സമുദായത്തിൽപ്പെട്ട ശ്രീമതി ഒ. ആർ. ചിത്ര, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഹിന്ദു വിശ്വകർമ്മ ഒ.ബി.സി. സമുദായത്തിൽപ്പെട്ട ശ്രീ. എം. കുമാർ എന്നിവരെ സ്ഥിരപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പത്തു വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഹിന്ദു നായർ സമുദായത്തിൽപ്പെട്ട ശ്രീ. ആർ. അജിത്കുമാർ എന്നയാളെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ 4-2-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 47/2012/ നിയമം ഉത്തരവുപ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു.